നൽകുന്ന പ്രാഥമിക ചികിത്സ, ആശുപത്രികളിൽവച്ച് നൽകുന്ന വിദഗ്ധ ചികിത്സ എന്നീ രണ്ടുതരം സേവനങ്ങൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടന്നുവരുന്നു. ചികിത്സാരംഗത്തുവരുന്ന കാലാനുസൃതമായ നവീകരണങ്ങളും വികസനവും സാന്ത്വന ചികിത്സാ രീതിയിലും പ്രതിഫലിക്കുന്നുണ്ട്.

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഥായിയായ രോഗങ്ങളാൽ കിടപ്പിലായ രോഗികൾക്കുണ്ടാകുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾക്ക് ശമനമുണ്ടാക്കുവാൻ കഴിയുന്നു. ഇത്തരക്കാരിലുണ്ടാകുന്ന പലവിധ രോഗങ്ങൾക്കും ആയുർവേദ ഔഷധങ്ങൾ അങ്ങേയറ്റം തൃപ്തികരമാണെന്ന് രോഗികൾതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാന്ത്വന ചികിത്സയ്ക്ക് ഹോമിയോ മരുന്നുകൾ വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കൂരാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ആഴ്ചയിൽ ഒരു ദിവസം കാൻസർ ചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനുംവേണ്ടിമാത്രം ആരംഭിച്ച സ്പെഷ്യൽ ക്ലിനിക്കിൽ ഒട്ടനവധി രോഗികൾ ചികിത്സ തേടി എത്തുകയും അവർക്ക് രോഗശാന്തി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂരാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ആരംഭിച്ച കാൻസർ പാലിയേറ്റീവ് സ്പെഷ്യൽ ക്ലിനിക്കിൽ ചികിത്സതേടി എത്തിയ രോഗികളുടെ അഭ്രതപൂർവ്വമായ വർദ്ധനവാണ് പിന്നീട് വണ്ടൂരിൽ 10 കിടക്കകളുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങുന്നതിന് കാരണമായത്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

നാദാപുരം താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

30 (4833) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

1	ജൂനിയർ കൺസൾട്ടന്റ്	3
2	ഹെഡ് നഴ്സ്	1
3	സ്റ്റാഫ് നഴ്സ് ഗ്രേഡ്-2	1
4	ലാബ് ടെക്നീഷ്യൻ	1
5	ഡെന്റൽ ഹൈജിനിസ്റ്റ്	1
6	ഹോസ്പിറ്റൽ അറ്റൻഡന്റ്	4
7	പമ്പ് ഓപ്പറേറ്റർ	1
8	ലാസ്കർ	1
9	കുക്ക്	1
10	പി.ടി.എസ്.	1

(ബി&സി) ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ നികത്തുന്നതിനുവേണ്ടി സർവ്വീസിൽ പി.ജി ബിരുദമുള്ള ജീവനക്കാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽനിന്നും നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കൂടാതെ നാദാപുരം താലൂക്കാശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഗൈനക്കോളജി, സർജറി, അനസ്തേഷ്യ എന്നീ ഒഴിവുകളിലേയ്ക്ക് അഡ്ഹോക്ക് നിയമനം നൽകി സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് ഗ്രേഡ് -1 ന് പ്രൊമോഷൻ നൽകി ഹെഡ് നഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2-ന്റെ ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സീനിയോറിറ്റി ലിസ്റ്റിൽനിന്നും അഭിമുഖത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.